സി.എൽ.റ്റി(3) 45778/11

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 8/7/2013

Email : keralarcs.coop@kerala.gov.in
Website : www cooperation. kerala.gov.in
Tel : No. 0471 2330726

## സർക്കുലർ 43 /2013

വിഷയം- സഹകരണ വകുപ്പ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ -ഈട് വസ്തുക്കളുടെ മൂല്യ നിർണ്ണയം- പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

സൂചന-
1) ഈ ആഫീസിലെ 30.12.1980 ലെ 89/80 നമ്പർ സർക്കുലർ
2) ഈ ആഫീസിലെ 7.6.1986 ലെ 21/86 നമ്പർ സർക്കുലർ.
3) ഈ ആഫീസിലെ 14.7.94 ലെ 22/94 നമ്പർ സർക്കുലർ.
4) ഈ ആഫീസിലെ 22.7.2004 ലെ 26/2004 നമ്പർ സർക്കുലർ.
5) ഈ ആഫീസിലെ 23.9.2011 ലെ 69/2011 നമ്പർ സർക്കുലർ.
6) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഭരണ സമിതിയുടെ 27.9.12 ലെ തീരുമാനം.
7) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 27.10.12 ലെ ജി(1)/എ.സി.ടി/7746/2008 നം.കത്ത്.

സൂചന 1 മുതൽ 5 വരെയുള്ള സർക്കുലറുകൾ പ്രകാരം സംസ്ഥാനത്തിലെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ ഈട് വസ്തുക്കളുടെ മൂല്യനിർണ്ണയത്തിന് പരിധി നിശ്ചയിച്ച് നൽകിയിരുന്നു.

വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിന് സൂചന (5) സർക്കുലർ നിർദ്ദേശം ഭേദഗതി ചെയ്യണമെന്ന് സൂചന 6,7 പ്രകാരം സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (5) ലെ ഖണ്ഡിക 2(4) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

2(4) **മൂല്യനിർണ്ണയം:** പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ സീനിയർ സൂപ്പർവൈസർമാരെ 2 ലക്ഷം (രണ്ട് ലക്ഷം) ഉൾപ്പെടെയുള്ള തുക വരെയുള്ള വായ്പ അപേക്ഷകളിൽ ഈട് വസ്തുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിനും ടി ബാങ്കുകളിൽ പ്രവർത്തിക്കുന്ന കൃഷി ആഫീസർമാർ 8 ലക്ഷം രൂപ വരെയുള്ള വായ്പാ അപേക്ഷകളിലെ ഈട് വസ്തുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിനും, സഹകരണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/ വാലേഷൻ ആഫീസർമാരെ 8 ലക്ഷം രൂപയിൽ അധികരിച്ച് വരുന്ന വായ്പ

അപേക്ഷയിലെ ഈടു വസ്തുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിനും അധികാരപ്പെ-ടുത്തുന്നു. ഒരു അംഗത്തിന്റെ പേരിൽ ഒന്നിലധികം വായ്പകൾ ഉണ്ടായിരിക്കുകയും പുതിയ അപേക്ഷകൾ പ്രകാരമുള്ള വായ്പകൾ കൂടി ഉൾപ്പെടുമ്പോൾ ഈട് വസ്തുക്കളുടെ മൂല്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇപ്പോൾ നിശ്ചയിച്ചു നൽകിയിട്ടുള്ള പരിധിയിൽ കൂടുതൽ ഉണ്ടാവുകയും ചെയ്താൽ, ടി അപേക്ഷകൾ സൂചന പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ മൂല്യ നിർണ്ണയം നടത്തേണ്ടതാണ്.

ടി നിർദ്ദേശത്തിന് സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്,
കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്:-**

1) രജിസ്ട്രാർ,
കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം, എറണാകുളം.
2) സെക്രട്ടറി,
കേരള നിയമസഭ- ഉപരിപത്രം സഹിതം.
3) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം.
4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ
കാർഷിക ഗ്രാമ വികസന ബാങ്ക്, സ്റ്റാച്യു, തിരുവനന്തപുരം
5) അഡീഷണൽ രജിസ്ട്രാർ/ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
സ്റ്റാച്യു, തിരുവനന്തപുരം
6) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർ
(ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ)മുഖേന)
9) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
(ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ)മുഖേന)
10) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
(ജോയിന്റ് ഡയറക്ടർമാർ (ആഡിറ്റ്) മുഖേന)
11) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
സ്റ്റാച്യു, തിരുവനന്തപുരം
12) ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർ/
ജോയിന്റ് രജിസ്ട്രാർമാർ
13) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
14) സഹകരണ സംഘം രജിസ്ട്രാറുടെ മേശപുറത്ത്
15) വെബ്സൈറ്റ്
16) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)